III സബ്മിഷൻ

(1) പറവൂർ മണ്ഡലത്തിലെ കോട്ടപ്പുറം കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

ശ്രീ. വി. ഡി. സതീശൻ: സർ, പറവൂർ നിയോജകമണ്ഡലത്തിൽ കരുമാലൂർ-ആലങ്ങാട് തുടങ്ങിയ രണ്ടു പഞ്ചായത്തു പ്രദേശങ്ങൾ, രണ്ട്-മൂന്ന് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ വേർതിരിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ പോലീസ് സ്റ്റേഷനുകൾക്ക് ഈ പ്രദേശത്തെ ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആകുന്നില്ല. എന്നാൽ ഈ പ്രദേശത്ത് ക്രമസമാധാനനില വളരെ വഷളായിരിക്കുകയാണ്. മണൽ മാഫിയയുമായി ബന്ധപ്പെട്ട നിരന്തരമായ പ്രശ്നങ്ങളും കേസുകളും ഉണ്ടായിരിക്കുകയാണ്. യഥാർത്ഥത്തിൽ പോലീസ് സ്റ്റേഷനുകളുടെ നിയന്ത്രണത്തിൽ നിൽക്കാത്തതുകൊണ്ട് ഈ ക്രമസമാധാനപ്രശ്നങ്ങൾ പരിഹരിക്കാൻ പോലീസിന് ആകുന്നില്ല. അതുകൊണ്ട് ഒരുപാട് വർഷങ്ങളായി നിലനിൽക്കുന്ന ഒരാവശ്യമാണ്. പറവൂർ നിയോജകമണ്ഡലത്തിലെ കോട്ടപ്പുറം കേന്ദ്രമാക്കി, ആലങ്ങാട്-കരുമാലൂർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷനോ ഒരു പോലീസ് ഔട്ട്പോസ്റ്റോ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ വയ്ക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇപ്പോൾ അങ്ങനെ ഒരു നിർദ്ദേശം ഇല്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ശക്തിയായി പറഞ്ഞ സാഹചര്യത്തിൽ അക്കാര്യം പരിശോധിക്കാം.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ചെയർമാൻ ശ്രീ. പി. ജെ. ജോയി]

(2) റോഡ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ കെ. എസ്. ആർ. ടി. സി. തൊഴിലാളികൾ 2004 ഫെബ്രുവരി 19 മുതൽ അനിശ്ചിതകാല പണിമുടക്കിന് തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ പത്ത് ലക്ഷത്തിൽപ്പരം സ്വകാര്യ മോട്ടോർ തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ച് 2004 ഫെബ്രുവരി 23 മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്താനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ സമഗ്രമായ ഒരു ഗതാഗത നയം ആവിഷ്ക്കരിക്കണം. സ്വകാര്യ ബസ് തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി വേണം. വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. എല്ലാ വിഭാഗത്തിലും പെട്ട മോട്ടോർ തൊഴിലാളികൾക്ക് ക്ഷേമപദ്ധതി ഏർപ്പെടുത്തണം. കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് അർഹതപ്പെട്ട 27 ശതമാനം ക്ഷാമബത്ത 1-1-1999 മുതൽ കുടിശ്ശികയാണ്. ഈ കുടിശ്ശിക തീർത്തു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കെ. എസ്. ആർ. ടി. സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക ബാധ്യത സംബന്ധിച്ച് പറയുമ്പോൾ യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ തന്നെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടേയും ഒരു പ്രതികരണമുണ്ടാകേണ്ടതാണ്. കെ. എസ്. ആർ. ടി. സി.-ക്ക് ബഡ്ജറ്റ് സപ്പോർട്ടില്ല. ഇവിടെ 2002 മുതൽ 20 തവണ കേന്ദ്രഗവൺമെന്റ് ഡീസലിന് വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു ലിറ്റർ ഡീസലിന് 5 രൂപ 65 പൈസ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കെ. എസ്. ആർ. ടി. സി. താങ്ങേണ്ടിവരികയാണ്. കേന്ദ്ര സർക്കാർ ഈടാക്കുന്ന Cess, Tax ഇവയെല്ലാം കൂടാതെ സംസ്ഥാന സർക്കാർ കെ. എസ്. ആർ. ടി. സി.-ക്ക് നൽകുന്ന ഡീസലിന് ഈടാക്കുന്ന ടാക്സ് 24 ശതമാനം ആണ്. ഇവിടെ KSEB, PWD, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഈടാക്കുന്നത് നാല് ശതമാനം ടാക്സാണ്. ഈ സാമൂഹ്യ പ്രതിബദ്ധത കെ. എസ്. ആർ. ടി. സി. നിർവ്വഹിക്കുന്നതിന്റെ പേരിൽ കോടിക്കണക്കിന് രൂപ കെ. എസ്. ആർ. ടി. സി.-ക്ക് ബാദ്ധ്യതയാണ്. കെ. എസ്. ആർ. ടി. സി.-ക്ക് ബഡ്ജറ്റ് സപ്പോർട്ടില്ലെന്ന് അങ്ങുതന്നെ ഇന്നലെ സഭയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതാണ് ഞാൻ പറഞ്ഞത്, മുഖ്യമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും ഒരു പ്രതികരണം ഇതുസംബന്ധിച്ചുണ്ടാകേണ്ടതുണ്ടെന്ന്. കെ. എസ്. ആർ. ടി. സി.-ക്ക് ടാക്സിനത്തിൽ ആകെ ബാദ്ധ്യതയാകുന്നത് 134 കോടി രൂപയാണ്. ഞാനിവിടെ ഉന്നയിക്കുന്നത് കെ. എസ്. ആർ. ടി. സി.-ക്ക് നാല് ശതമാനം concession rate അനുവദിക്കുന്നതിന് ഗവൺമെന്റ് നടപടിയുണ്ടാകേണ്ടതുണ്ടെന്നാണ്. കെ. എസ്. ആർ. ടി. സി.-യിൽ അർഹമായ പ്രൊമോഷൻ നൽകുന്നില്ല. Public Service Commission വഴിയും ആശ്രിത നിയമനം വഴിയും കെ. എസ്. ആർ. ടി. സി.-യിൽ നിയമനം ലഭിച്ച 1858 ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ബാക്കിയാണ്. ഈ പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ് അവർ സമരത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. ചികിത്സാ സൗകര്യം നിലനിർത്തണം. അതുപോലെതന്നെ നിർത്തലാക്കിയ ഡിപ്പോകൾ പുനഃസ്ഥാപിക്കണം. അകാരണമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് കെ. എസ്. ആർ. ടി. സി. മാത്രമാണ്. ഇത് അവസാനിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ രണ്ട് മേഖലകളിലേയും, സ്വകാര്യ മോട്ടോർ തൊഴിലാളികളുടേയും കെ. എസ്. ആർ. ടി. സി.-യുടേയും തൊഴിലാളി സംഘടനകളുമായി കൂടിയാലോചിച്ച് ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കാനും 19-ാം തീയതി മുതൽക്കും 23-ാം തീയതി മുതൽക്കും കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്കുസമരം ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി പറയണമെങ്കിൽ അത്രയും സമയം തന്നെവേണം. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും ശരിയാണ്, പല കാര്യങ്ങളും അദ്ദേഹം അറിയാതെ പറഞ്ഞതാണ്, ഞാൻ കുറ്റപ്പെടുത്തുന്നില്ല. അങ്ങേയ്ക്കറിയാം,

കെ. എസ്. ആർ. ടി. സി. വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇന്നലെ വൈകിട്ട് ഓയിലിനുപോലും കാശുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. വർദ്ധിച്ച വേതനവും ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കുന്നതിന് ഈ ഗവൺമെന്റ് ഒരിക്കലും എതിരല്ല. ഖജനാവിൽ നിന്നും പണമെടുത്ത് ശമ്പളം കൊടുക്കുന്ന സമ്പ്രദായം നമുക്ക് തുടരാൻ കഴിയുമോ എന്ന് എനിക്കറിയില്ല. ഓരോ സ്ഥാപനവും നിലനിൽക്കണം. അദ്ദേഹം പറഞ്ഞത് ആയിരത്തി നാന്നൂറ്റിച്ചില്വാനംപേരെ സ്ഥിരപ്പെടുത്തണമെന്നാണ്. കേരള ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് തന്നെ പറഞ്ഞിരിക്കുന്നത് സാമ്പത്തിക സ്ഥിതി നന്നാവുന്നതുവരെ ഇവരെ സ്ഥിരപ്പെടുത്തേണ്ട ആവശ്യമില്ല, ഇവരെ empanel ആയി ജോലി ചെയ്യിക്കണമെന്നാണ്. യൂണിയനുകളും മറ്റുള്ളവരും കൊടുത്ത ഒ. പി.-യുടെ അടിസ്ഥാനത്തിൽ, കേരള ഹൈക്കോടതി പരിശോധിച്ചശേഷം പറഞ്ഞിരിക്കുന്ന വിധിയാണിത്. കോടതി വിധി നമുക്ക് ലംഘിക്കാൻ കഴിയില്ല. ഇത് കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ Labour Act-ഉം KSSR-ഉം അനുസരിച്ച് അല്ല. അങ്ങ് എഴുതി തന്നത് കെ. എസ്. ആർ. ടി. സി.-യെപ്പറ്റിയൊന്നുമല്ല, ട്രാൻസ്പോർട്ടിൽ ഒരു വ്യവസായ നയം സ്വീകരിക്കണമെന്നാണ് എഴുതി തന്നത്. അങ്ങനെയൊരു നയം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗതാഗത നയം പ്രഖ്യാപിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. അതിന് പല ഫാക്ടേഴ്സുമുണ്ട്, അതിനുള്ള കാര്യങ്ങൾ നടന്നുവരികയാണ്. അതുപോലെ 23-ാം തീയതി നടക്കുന്ന പണിമുടക്ക് ഗവൺമെന്റിന് കൈകാര്യം ചെയ്യാൻ കഴിയുന്നതല്ല. അവരുടെ പ്രധാനമായ 9 ആവശ്യങ്ങളിൽ ഒരെണ്ണംമാത്രം എന്റെ സ്നേഹിതനായ തൊഴിൽ വകുപ്പുമന്ത്രിയുടെ ചുമതലയിലുള്ള വകുപ്പ് ചെയ്യേണ്ടതാണ്. ബാക്കിയെല്ലാം കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതാണ്. ഡീസൽ ഓയിലിന്റെ വിലവർദ്ധനവ്, ഇൻഷ്വറൻസ്, സ്പെയർ പാർട്ട്സിന്റെ വിലവർദ്ധനവ്, ടയറിന്റെ വില വർദ്ധനവുൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റിന് യാതൊന്നും ചെയ്യാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം അതറിഞ്ഞിരിക്കണം. അങ്ങ് ഇവിടെ പറഞ്ഞത് ശരിയല്ല, 5.42 രൂപയല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ലിറ്റർ ഡീസലിന് 8 രൂപ 66 പൈസ വർദ്ധിച്ചിരിക്കുകയാണ്. 8 രൂപ 66 പൈസ എന്നു പറഞ്ഞാൽ കെ. എസ്. ആർ. ടി. സി.-ക്കുമാത്രം ഒരു മാസത്തെ വർദ്ധനവ് 8 കോടി 66 ലക്ഷം രൂപയാണ്. അതുകൊണ്ട് കെ. എസ്. ആർ. ടി. സി.-ക്കും ഗവൺമെന്റിനും ഗവൺമെന്റിന്റെ വാഹനങ്ങൾ ഓടിക്കുന്നതിനുമൊക്കെ ഡീസൽ വിലവർദ്ധനവ് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മുമ്പ് ഗവൺമെന്റ് എന്ന് ഞാനിവിടെ പറയുന്നില്ല, മുമ്പ് ചില ഉദ്യോഗസ്ഥന്മാരിരുന്ന് ഉണ്ടാക്കിവച്ച കടം മുഴുവൻ തീർത്തില്ലെങ്കിൽ, അങ്ങേയ്ക്കറിയാമല്ലോ വണ്ടികൾ മുഴുവൻ MACT കോടതികൾ പിടിച്ചിടുകയാണ്. അത് ഇറക്കണമെങ്കിൽ മുഴുവൻ പണവും കൊടുക്കണം. MACT claims കഴിഞ്ഞ 6 കൊല്ലമായി കൊടുത്തിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴാണ് 16 കോടി രൂപ കൊടുത്ത് ഏതാണ്ട് ഒരു ധാരണയായത്. ഇപ്പോഴും ജപ്തി നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പണമുണ്ടെങ്കിൽ കൊടുക്കുന്നതിൽ വിരോധമില്ല. എത്ര സമരം ചെയ്താലും പണമില്ലെങ്കിൽ എങ്ങനെ കൊടുക്കും? ഗവൺമെന്റ് ഖജനാവിൽ നിന്നും പണം കൊടുക്കാൻ പറ്റില്ല. ചില കാര്യങ്ങൾക്കൊക്കെ സപ്പോർട്ടുചെയ്യാം. മുഴുവൻ പണവും കടമെടുത്താണ് വാഹനങ്ങൾ വാങ്ങുന്നതും മറ്റ് ആവശ്യങ്ങൾ നടത്തുന്നതും. കടമെടുത്ത് കടമെടുത്ത് നമ്മളെവിടെ ചെന്നെത്തും? .....(ബഹളം).....കേരളത്തിൽ ഈ അടുത്തകാലത്ത് ഡീസലിനും മണ്ണെണ്ണയ്ക്കും 24 ശതമാനം Sales Tax ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. അത് എത്രയോ കാലമായി നിലനിന്നുവരുന്നതാണ്. അത് 20 ശതമാനം കുറയ്ക്കുന്നത് സന്തോഷമുള്ള കാര്യമാണ്. അങ്ങേയ്ക്ക് നിയമം അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു, പക്ഷേ നിൽക്കുമോ? കെ. എസ്. ആർ. ടി. സി.-ക്ക് നാല് ശതമാനത്തിനും സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ വാഹനങ്ങൾക്കും ഗവൺമെന്റിന്റെ മറ്റു വാഹനങ്ങൾക്കുമുൾപ്പെടെ 24 ശതമാനത്തിനും കൊടുത്താൽ നമ്മുടെ രാജ്യത്ത് ഒരു നിയമവും നീതിയുമൊക്കെയുണ്ട്, അത് നിൽക്കുമോ എന്നെനിക്കറിയില്ല. Discrimination എന്നുപറയുന്ന വകുപ്പ് അവിടെവരും, നിയമം വരും. അതുകൊണ്ട് അത് ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്, ചെയ്യാൻ കഴിയുമോ എന്നെനിക്കറിയില്ല. ഒരേ Refinery-യിൽ നിന്നും എണ്ണ വിൽക്കുമ്പോൾ രണ്ട് Sales Tax ഈടാക്കാൻ ഗവൺമെന്റിനെ അനുവദിച്ചാൽ അവിടെ Discrimination വരുമെന്നാണ് എന്റെ വിശ്വാസം. ഇത് മുമ്പ് ആലോചിച്ചിട്ടുള്ളതാണ്, നടക്കുന്ന കാര്യങ്ങളൊക്കെ നടക്കണം. അതുകൊണ്ട് കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർക്ക് കൊടുക്കാൻ കഴിവുള്ളപ്പോൾ ആനുകൂല്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് ഒരുക്കമാണ്, കൊടുത്തിട്ടുമുണ്ട്. പണമില്ലാത്ത ബുദ്ധിമുട്ടാണ്. ആരുവിചാരിച്ചാലും നമുക്കത് ചെയ്യാൻ പറ്റില്ല. മറ്റു ജീവനക്കാരുടെ പ്രശ്നങ്ങൾ ഇവിടെ പറഞ്ഞു, 23-ാം തീയതി സ്വകാര്യ ബസ് ജീവനക്കാർ പണിമുടക്കുകയാണ്. ഞാനവരെ 11-ാം തീയതി ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്, കെ. എസ്. ആർ. ടി. സി. ജീവനക്കാരേയും ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. കഴിഞ്ഞ 9-ാം തീയതി വിളിക്കാമെന്ന് വിചാരിച്ചത് മറ്റുചില കാരണങ്ങൾ കൊണ്ട് മാറ്റിവച്ചു.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാരുടെ സംഘടനകളെ വിളിച്ച് ഒരു ചർച്ചയ്ക്ക് തയ്യാറാകരുതോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിനു തയ്യാറാണെന്നു പറഞ്ഞല്ലോ? കെ. എസ്. ആർ. ടി. സി. ജീവനക്കാരെയും വിളിക്കാം.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): അദ്ദേഹം വളരെ ക്ലിയറായി മറുപടി പറഞ്ഞല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, 23-ാം തീയതി നടക്കുന്ന സമരത്തിൽ fare wages പുതുക്കുന്നതുമാത്രമാണ് സർക്കാരിനുള്ള കാര്യം. അതുസംബന്ധിച്ച് സ്വകാര്യ ബസ് ജീവനക്കാരേയും ഇവിടെ വാടകയ്ക്ക് വാഹനങ്ങളോടിക്കുന്നവരേയും വിളിച്ച് ലേബർ ഡിപ്പാർട്ട്മെന്റാണ് ഈ കാര്യം ചർച്ചചെയ്ത് ഒരു തീരുമാന മെടുക്കേണ്ടത്. അത് എന്റെ സ്നേഹിതനായ തൊഴിൽ വകുപ്പുമന്ത്രി ചെയ്യാമെന്ന് ഏറ്റിട്ടുണ്ട്. മോട്ടോർ വ്യവസായത്തെ ബാധിക്കുന്ന കാര്യങ്ങളൊക്കെ യൂണിയനുകൾ പറഞ്ഞതനുസരിച്ച് ഇതുവരെ ചെയ്തിട്ടുണ്ട്. കഴിവില്ലാത്ത കാര്യങ്ങൾ നമുക്ക് ചെയ്യാൻ പറ്റില്ല. സമഗ്രമായ ഒരു വ്യവസായ നയമുണ്ടാകും, അതുകൊണ്ട് ദയവായി പണിമുടക്കിലേക്കും മറ്റ് കാര്യങ്ങളിലേക്കും പോകാതെ, ഈ കാര്യത്തിലൊന്നും ആർക്കും അഭിപ്രായവ്യത്യാസമില്ല, തർക്കമൊന്നുമില്ല, യോജിച്ച് ഏതു കാര്യങ്ങളും ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. നമ്മൾ ആരോടാണ് പണിമുടക്കുന്നത്? ഡീസലിനെതിരായി നമ്മൾ പണിമുടക്കിയാൽ അത് കേന്ദ്രം അറിയുമോ? അപ്രായോഗികമായ കാര്യങ്ങളിൽ പണിമുടക്കിയിട്ട് എന്താണ് കാര്യം? ഇൻഷ്വറൻസ്, സ്പെയർ പാർട്ട്സ് ഇതൊന്നും നമുക്ക് ചെയ്യാവുന്ന കാര്യങ്ങളല്ല. അതുകൊണ്ട് ആർക്കും ഇതിൽ വിയോജിപ്പില്ല, കക്ഷിവ്യത്യാസമെന്യേ യോജിപ്പാണ്. അതുകൊണ്ട് പണിമുടക്കിലേയ്ക്കും മറ്റും പോകാതെ ഈ പ്രശ്നത്തിൽ കഴിയുന്നതും യോജിച്ചു മുന്നോട്ടുപോകണമെന്നാണ് എനിക്കുള്ള അഭിപ്രായം.

(3) പ്രൊഫഷണൽ കോഴ്സിനുള്ള പ്രവേശന പരീക്ഷയിൽ പ്രാദേശിക സംവരണം

ശ്രീ. എ. പി. അനിൽകുമാർ: സർ, സർക്കാരിന്റെ പ്രൊഫഷണൽ ബിരുദ കോഴ്സിനുള്ള പ്രവേശന പരീക്ഷയിൽ ചില നിബന്ധനകളിലെ അപാകതകൾ പരിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. നിലവിലുള്ള പ്രാദേശിക സംവരണം എന്നു പറയുന്നത് 15 ശതമാനമാണ്. 15 ശതമാനം വരുന്ന പ്രാദേശിക സംവരണത്തിൽ ഇപ്പോൾ വന്നിട്ടുള്ള ഒരു പുതിയ മാറ്റം, ഏതു സ്ഥാപനമാണ് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗിച്ചത്, ആ സ്ഥാപനം കൊടുക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മെറിറ്റടിസ്ഥാനമാക്കി ക്കൊണ്ടാണ് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന ത്തിനുള്ള സംവരണം തീരുമാനിക്കുന്നത്. ഇതിലെ പ്രധാനപ്പെട്ട ഒരു അപാകത മലബാറിൽ ജനിച്ചുവളർന്ന ഒരു കുട്ടി പത്താം ക്ളാസ്സ് വരെ മലബാറിൽ പഠിച്ച്, പത്താം ക്ളാസ്സ് കഴിഞ്ഞുള്ള ഹയർ സെക്കന്ററി എറണാകുളത്തോ തിരുവനന്തപുരത്തോ വന്നു പഠിച്ചു കഴിഞ്ഞാൽ, ആ കുട്ടി മലബാറിൽ ജനിച്ചു എന്നുള്ള നിലയിൽ സംവരണം ലഭിക്കാത്ത ഒരു സാഹചര്യമാണിന്നുള്ളത്.